(സി) ഡിപ്പോ തിരിച്ചുള്ള ലിസ്റ്റ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. †

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു ഷെഡ്യൂളും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

"ഫാൻസി നമ്പർ" നൽകിയ വകയിൽ ലഭിച്ച തുക

159 [616] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന രജിസ്ട്രേഷന് ഫാൻസി നമ്പർ നൽകിയ വകയിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന് മൊത്തം ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇനത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊണ്ട രജിസ്ട്രേഷൻ നമ്പർ ഏതാണെന്നും അത് ലഭിച്ചതാർക്കാണെന്നും എത്ര തുകയാണ് ഈ ഇനത്തിൽ വരവ് വന്നതെന്നും അറിയിക്കാമോ ;

(സി) അമ്പതിനായിരത്തിന് മുകളിൽ ലേലം കൊള്ളുന്ന വാഹന ഉടമയ്ക്ക് ഇൻകം ടാക്സ് വകുപ്പിന്റെ 'പാൻ നമ്പർ' ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്യാമോ ?

ഉത്തരം

(എ) 3,28,22,355 രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) കെ.എൽ.07/എ.ഡബ്ലിയു-1 മാനേജിംഗ് പാർട്ട്നർ, ഗൾഫ് ഗേറ്റ് ഷയർ ഫിക്സിംഗ്, കലൂർ ബസ് സ്റ്റാന്റിന് എതിർവശം, എറണാകുളം. തുക 4,08,000 രൂപ.

(സി) ആലോചിക്കാവുന്നതാണ്.

ഒറ്റത്തവണ വാഹന നികുതി

160 [617] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി ആയി രജിസ്റ്റർ ചെയ്യുന്ന കാർ പോലുള്ള വാഹനങ്ങൾക്ക് ഒറ്റത്തവണ വാഹന നികുതി (one time tax) ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഒറ്റത്തവണ വാഹന നികുതി (one time tax) യിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി വാഹനങ്ങൾ ടാക്സി ആയി രജിസ്റ്റർ ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ടാക്സി കാറുകൾക്കും ഒറ്റത്തവണ വാഹന നികുതി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് ബസ് റൂട്ട് ആലപ്പുഴ വഴിയാക്കാൻ നടപടി

161 [618] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നുമുള്ള കൊടുങ്ങല്ലൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് തിരുവനന്തപുരത്തുനിന്നും വരുമ്പോൾ റൂട്ട് കോട്ടയം വഴിയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം വരുമ്പോൾ പ്രതിദിനം ശരാശരി 6000 രൂപയുടെ കളക്ഷൻ കുറവുണ്ടാകുന്നത് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബസ്സിന്റെ റൂട്ട് മുമ്പ് ഉള്ളതുപോലെ ആലപ്പുഴ വഴിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 6000 രൂപയുടെ കുറവ് ഉണ്ടാകുന്നുണ്ട് എന്ന് പറയുന്നത് ശരിയല്ല. ജനുവരി മാസത്തെ കളക്ഷൻ പരിശോധിച്ചതിൽ ശരാശരി 2270 രൂപയുടെ കുറവ് കാണുന്നുണ്ട്.

(സി) നാഷണലൈസ്ഡ് റൂട്ടായ എം.സി. റോഡിൽ യാത്രാ സൗകര്യം നൽകുന്നതിനുവേണ്ടിയാണ് പ്രസ്തുത സർവ്വീസ് എം.സി. റോഡ് വഴി പോകുന്നത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ ചുമതല

162 [619] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തമ്പാനൂർ ബസ്സ് സ്റ്റാന്റിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ ജോലി എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly